## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6501</u> <u>01.11.2011-ൽ മറുപടിക്ക്</u>

### <u>സ്കൂളുകളിലെ ആരോഗ്യ പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി) |
| (എ) 'ആരോഗ്യ പദ്ധതി' എത്ര സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) 2009 ഒക്ടോബറിൽ നിലവിൽ വന്ന സ്കൂൾ ആരോഗ്യ പദ്ധതിയുടെ പ്രയോജനം ഇപ്പോൾ സംസ്ഥാനത്തെ 3462 സ്കൂളുകളിലെ കുട്ടികൾക്കാണ് ലഭിക്കുന്നത്. |
| (ബി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ; | (ബി) 2010-2011 അധ്യയനവർഷം വരെ കണ്ണൂർ ജില്ലയിലെ 95 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി. ഈ അധ്യയനവർഷം (2011-12) 87 സ്കൂളുകളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. സ്കൂളുകളുടെ പട്ടിക അനുബന്ധം I & II ആയി ചേർക്കുന്നു. |
| (സി) സ്കൂൾ ആരോഗ്യ പദ്ധതിയെ പ്പറ്റിയുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (സി) ഘട്ടംഘട്ടമായി കേരളത്തിലെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പുസാമ്പത്തികവർഷം (2011-2012) 25% സ്കൂളുകളിൽ (3462 സ്കൂളുകൾ) പദ്ധതി നടപ്പിലാക്കിവരുന്നു. ആരോഗ്യ വകുപ്പിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന 5000 ത്തോളം ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ സേവനം ഇതിലേയ്ക്കായി ഉപയോഗിക്കുന്നു. ഇവർക്കുവേണ്ടുന്ന പരിശീലനം, ചികിത്സാ നിർണ്ണയത്തിനും ആരോഗ്യവിദ്യാഭ്യാസത്തിനും വേണ്ടുന്ന ഉപകരണങ്ങൾ എന്നിവ എൻ.ആർ.എച്ച്.എം ലൂടെ നൽകുന്നു.<br>ജെ.പി.എച്ച്.എൻ അഥവാ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരാണ് പരിപാടിയുടെ മുൻനിരപ്രവർത്തകർ. ചികിത്സാ സേവനം നാല് തലത്തിൽ രൂപകൽപന ചെയ്തിരിക്കുന്നു. 1) ചെറിയ അസുഖങ്ങൾ കണ്ടെത്തി ചികിത്സോപദേശം നൽകുന്നതിനു പുറമേ 2) ജെ.പി.എച്ച്.എൻ നടത്തുന്ന സ്ക്രീനിംഗ് 3) മെഡിക്കൽ ഓഫീസറുടെ ചുമതലയിൽ നടത്തുന്ന മെഡിക്കൽ ക്യാമ്പ് 4) ചുമതലയുള്ള മെഡിക്കൽ ഓഫീസറുടെ സ്കൂളുകളിലെ മാസംതോറുമുള്ള സന്ദർശനവേളയിൽ പ്രത്യേകശ്രദ്ധ ആവശ്യമായ കുട്ടികളെ പരിശോധിക്കുകയും ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ എടുക്കുകയും ചെയ്യുന്നു. ചികിത്സക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. |

പ്രതിരോധ സേവനത്തിൽ ആരോഗ്യവിദ്യാഭ്യാസത്തിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. സ്കൂളിന്റെ സൗകര്യാർത്ഥം ജെ.പി.എച്ച്.എൻ ദൈനംദിന അടിസ്ഥാനത്തിൽ കൊടുക്കുന്ന ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾക്ക് പുറമേ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യപ്രവർത്തകരുടെയും, മെഡിക്കൽ ഓഫീസറുടെയും മറ്റ് മേഖലയിലെ വിദഗ്ധരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

സ്കൂൾ ഹെൽത്ത് പരിപാടിയുടെ അവിഭാജ്യഘടകമായ വിവരശേഖരണം നിത്യേന നടക്കുന്നതിനോടൊപ്പം തന്നെ ഒരു സമഗ്രമായ സ്കൂൾ ഹെൽത്ത് റെക്കോഡും രൂപകൽപന ചെയ്തിട്ടുണ്ട്. ഒരു കുട്ടിയുടെ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള ആരോഗ്യവിവരങ്ങൾ ഉൾക്കൊള്ളുന്ന ഈ റിക്കോഡിന് -2 to +2 എന്ന് പേര് നൽകിയിരിക്കുന്നു. ജെ.പി.എച്ച്.എൻമാർക്കുവേണ്ടി ഒരു കൈപുസ്തകവും, ചികിത്സയ്ക്കും സ്ക്രീനിംഗിനും ആവശ്യമായ ഉപകരണകിറ്റുകളും ലഭ്യമാക്കിയിട്ടുണ്ട്. ഹെൽത്ത് റിക്കോഡ് തെരഞ്ഞെടുത്ത എല്ലാ സ്കൂളുകളിലും വിതരണം ചെയ്തു. പദ്ധതിയ്ക്കാവശ്യമായ മരുന്നുകൾ അതാത് ബ്ലോക്ക് പി.എച്ച്.സി കളിൽ നിന്നാണ് ലഭ്യമാക്കുന്നത്. കൂടാതെ സംസ്ഥാനത്തൊട്ടാകെ ഈ വർഷം തെരഞ്ഞെടുത്ത സ്കൂളുകളിലെ സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ചുമതലയുള്ള രണ്ട് ടീച്ചേഴ്സിന് ട്രെയിനിംഗും അതത് സ്കൂളിലെ പ്രധാന അധ്യാപകനും പി.റ്റി.എ പ്രസിഡന്റിനും പദ്ധതിയെക്കുറിച്ച് ശിൽപ്പശാലകളും സംഘടിപ്പിച്ചുവരുന്നു.

[signature]

സെക്ഷൻ ഓഫീസർ

([illegible])